**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി ജിഷാ ഗോപിയുടെ ഹാജരില്ലായ്മക്കാലയളവ് 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം. **836/2019/തസ്വഭവ** തിരുവനന്തപുരം, തീയതി, **10/04/2019**

==================================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) സ.ഉ(സാധാ) നം 3065/2012/തസ്വഭവ തീയതി 06.11.2012.

3) ശ്രീമതി ജിഷാ ഗോപിയുടെ 30.06.2014, 20.04.2015 എന്നീ തീയതികളിലെ ശൂന്യവേതനാവധിയപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 28.01.2015, 03.03.2016, 16.10.2018 എന്നീ തീയതികളിലെ ഇ 6-36458/14 നമ്പർ കത്തുകൾ.

## ഉത്തരവ്

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി ജിഷാ ഗോപിയുടെ 02.11.2014 മുതൽ 22.03.2016 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി ജിഷാ ഗോപി, 04.09.2008 ന് സേവനത്തിൽ പ്രവേശിച്ചു ടിയാൾക്ക് തിരുവനന്തപുരം ഹോമിയോ കോളേജിൽ പഠനം നടത്തുന്നതിന് 02.11.2009 മുതൽ 5 വർഷത്തേക്ക് പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം അവധി അനുവദിച്ചിരുന്നു. തുടർന്ന് 6 മാസത്തേക്ക് കൂടി അവധി ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിക്കുകയും കെ.എസ്.ആർ ഭാഗം1, അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതാനാവധി സേവന കാലയളവിൽ പരമാവധി 5 വർഷത്തേക്ക് മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ എന്നിരിക്കേ സേവനത്തിൽ പുനഃപ്രവേശിക്കാത്തതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി ഒരു വർഷത്തെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.ജിഷാ ഗോപിയുടെ 02.11.2014 മുതൽ 22.03.2016 വരെയുള്ള കാലയളവിലെ അനധികൃത ഹാജരില്ലായ്മക്കാലയളവ് 02.11.2009 ന് മുൻപ് പ്രൊബേഷൻ

പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മുൻകാലസർവ്വീസ് നഷ്ടമാകും വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ജിഷാ ഗോപി, ക്ലാർക്ക്, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധന വകുപ്പ്(28.03.2019 ലെ ധെവ 4/12/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(474/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Ranja MS

സെക്ഷൻ ഓഫീസർ